ഖുത്ബ
29.08.08
ബയ്ത്തുൽ ഫുത്തൂഹ്,
ലണ്ടൻ

# ജർമ്മനി ജൽസ;

## ജമാഅത്തിന്റെ മുന്നോട്ടുള്ള കുതിപ്പ് എതിരാളികൾക്ക് സഹിക്കുന്നില്ല

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ട് ദിവസം മുമ്പേ ഞാൻ ജർമ്മനി യാത്രയിൽനിന്ന് തിരിച്ചെത്തി. എല്ലാവർക്കും അറിയുന്നതുപോലെ കഴിഞ്ഞ ഞായറാഴ്ച ജർമ്മനി ജൽസ സാലാന സമാപിച്ചു. മറ്റെന്തെങ്കിലും വിഷയം പറയാമെന്നാണ് ഞാൻ കരുതിയത്. അതിനായി കുറിപ്പുകൾ തയ്യാറാക്കുമ്പോൾ, പാരമ്പര്യമനുസരിച്ച് ഞാൻ പങ്കെടുക്കാറുള്ള ജൽസയെക്കുറിച്ചോ അല്ലെങ്കിൽ പര്യടനത്തിന് പോകുന്ന രാജ്യത്തെക്കുറിച്ചോ പറയാറുണ്ടല്ലോ എന്ന് ചിന്തിച്ചു. അതുകൊണ്ട് ഇന്ന് ജർമ്മനി ജൽസയെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. ഇതിനുവേണ്ടി പ്രവർത്തിച്ചവർക്കെല്ലാം നന്ദി പറയേണ്ടത് നിർബന്ധമാണ്. സത്യവിശ്വാസിയിൽനിന്ന് പ്രതീക്ഷിക്കുന്നതും ഇതുതന്നെ. ഇപ്രകാരംതന്നെ പാരമ്പര്യമനുസരിച്ച് ഞാനിത് പറയുന്നില്ലെങ്കിൽ വീണ്ടും എന്തെങ്കിലും വെറുപ്പുണ്ടായോ എന്നോർത്ത് ജർമ്മനിക്കാർ വിഷമിക്കാൻ ഇടയുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് ഈ ജൽസയ്ക്ക് ആരംഭം കുറിച്ചത്. അഹ്മദികളുടെ മതപരവും ധാർമ്മികവും ആത്മീയവുമായ അവസ്ഥ നന്നാക്കിത്തീർക്കുന്നതിനും തർബിയ്യത്തിനുള്ള നല്ല സാഹചര്യം ഒരുക്കുന്നതിനും വേണ്ടിയാണ് ഇത് തുടങ്ങിയത്. ഇപ്പോൾ ജമാഅത്തുകളുടെ പരിപാടികളിൽ മുഴുലോകത്തും ഈ ജൽസ ഒരു പ്രധാന ഭാഗമായിത്തീർന്നിരിക്കുന്നു. ഇതിനു മുമ്പേ പല പ്രാവശ്യവും പറഞ്ഞതുപോലെ ഈ വർഷം ഖിലാഫത്ത് ജൂബിലിയുടെ പേരിൽ ഈ ജൽസയ്ക്ക് പ്രത്യേകത കൈവന്നിരിക്കുകയാണ്. ജർമ്മനിയിൽ നടന്ന ജൽസയെക്കുറിച്ച് ചുരുക്കിപ്പറഞ്ഞില്ലെങ്കിൽ, 'അവിടെനിന്ന് ഉടനെ എന്തുകൊണ്ടാണ് പറയാതിരുന്നത്' എന്ന് ചോദിച്ചുകൊണ്ട് കത്തുകൾ വരാൻ തുടങ്ങും. ജർമ്മനി ജമാഅത്തും ദൈവാനുഗ്രഹത്താൽ ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും വളർന്നുവരുന്ന ജമാഅത്താണ്. അതിനാൽ എന്തുകൊണ്ട് ജൽസയെക്കുറിച്ച് ഞാൻ പറഞ്ഞില്ല എന്നാരെങ്കിലും ചോദിച്ചാൽ ആ ചോദ്യത്തിന് പ്രസക്തിയുണ്ടായിരിക്കും. അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും അഭിവൃദ്ധിപ്പെടുന്ന അത്ഭുതകരമായ പ്രിയപ്പെട്ട ജനങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് നല്കിയിരിക്കുന്നു. ജമാഅത്ത് ആത്മാർത്ഥതയിലും സ്നേഹത്തിലും വ്യക്തമായും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുമെന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ ഇന്നും വളരെ പ്രൗഢിയോടെ പുലർന്നുകൊണ്ടിരിക്കുന്നു.

അതിനാൽ ഇന്ന് വിദേശങ്ങളിലുള്ള അഹ്മദികളിൽ ആത്മാർത്ഥതയും കൂറും അഭിവൃദ്ധിപ്പെട്ടുകാണുന്നതുപോലെ ജർമ്മനി ജമാഅത്തിലെ അഹ്മദികളും അതിൽ ചുവട് മുന്നോട്ടുവയ്ക്കുന്നതായി ഞാൻ കാണുന്നു. ഉയർന്ന പ്രായക്കാരായ ചില അഹ്മദികൾ, യുവാക്കളെ വിമർശനദൃഷ്ടിയോടെ കാണാറുണ്ട്. അവർ പോലും, ജർമ്മനിയിലെ യുവാക്കളിൽ നമസ്കാരത്തിലേക്കുള്ള ശ്രദ്ധയും ആത്മാർത്ഥതയും വ്യക്തമായും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നത് കാണുന്നുവെന്ന് എന്നോട് പറയുകയുണ്ടായി. ഇക്കാര്യങ്ങൾ നമ്മുടെ യുവാക്കൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ തങ്ങളുടെ ദുൻയാവും ആഖിറത്തും അലങ്കരിച്ചൊരുക്കുന്നവരും ജമാഅത്തിന് ഫലപ്രദരും ആയിത്തീരുന്നതാണ്. ഇതിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അഹ്മദിയ്യാലോകം എം.ടി.എ മുഖേന കാണുകയും കേൾക്കുകയും ചെയ്തതാണ്, ജൽസ ദൈവാനുഗ്രഹത്താൽ എല്ലാത്തരം അനുഗ്രഹങ്ങളും വിതറിക്കൊണ്ട് സമാപിച്ചത്. ഹാജർനിലയും ഇപ്രാവശ്യം ജർമ്മനിയെവെച്ചുനോക്കുമ്പോൾ വളരെ അധികമായിരുന്നു; മുപ്പത്തേഴായിരത്തിലധികം. 32, 33 ആയിരമാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ, അതൊക്കെ മറികടന്ന് ചാടി. തദ്ദേശ സംഘാടകരും ഇത്രയുമേ പ്രതീക്ഷിച്ചിരുന്നുള്ളൂ. പക്ഷേ, അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചു. അഹ്മദികൾക്ക് ഖിലാഫത്തുമായി ദൃഢബന്ധമുണ്ടെന്നും അല്ലാഹുവിന്റെ സഹായം ഉണ്ടെന്നതിനുമുള്ള ഒരു തെളിവാണിത്. ശത്രു ഏതൊന്നിനെ നശിപ്പിക്കാനാണോ ഇറങ്ങിപ്പുറപ്പെട്ടത് അതിപ്പോൾ കൂടുതൽ തെളിഞ്ഞ് എല്ലായിടത്തും മുന്നിൽ വന്നുകൊണ്ടിരിക്കുന്നു. ഇപ്പോഴും ഭൗതികഭോഗതൽപരർക്കും ബുദ്ധിക്ക് അന്ധത ബാധിച്ചവർക്കും കാര്യം മനസ്സിലാകുന്നില്ലെങ്കിൽ നമുക്കെന്ത് ചെയ്യാൻ കഴിയും? ലോകത്തിന്റെ നന്മയ്ക്കായി പ്രാർത്ഥിക്കുകയേ നിർവാഹമുള്ളൂ. അത് നമ്മൾ ചെയ്യുന്നുമുണ്ട്. അല്ലാഹു അവർക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ള കരുത്തും നല്കുമാറാകട്ടെ. എന്തായാലും ഇത്രയുമധികം ആളുകൾ വന്നിട്ടും അവിടുത്തെ ഒരുക്കങ്ങൾ പൊതുവെ

നല്ലതായിരുന്നു. ജൽസയുടെ പരിപാടികളും ഈ വർഷത്തെ പ്രാധാന്യം കണക്കിലെടുത്ത് വളരെ നന്നായിരുന്നു. പ്രഭാഷകർ തയ്യാറെടുപ്പും നല്ലനിലയിൽ നടത്തിയിരുന്നു. എല്ലാ നിലയിലും നിലവാരം പുലർത്തുന്നതായിരുന്നു അതെല്ലാം. ചോദിച്ചവരിൽ മിക്കവരും പറഞ്ഞ അഭിപ്രായവും ഇതുതന്നെയായിരുന്നു. ജൽസയിൽ പങ്കെടുത്തവരും പ്രസംഗങ്ങളെല്ലാം വളരെ ശ്രദ്ധയോടെ ശ്രവിക്കുകയുണ്ടായി. ജൽസ നടക്കുന്ന ഘട്ടത്തിൽ പൂർണ്ണമായും അതിൽ ലയിച്ചിരിക്കുന്നത് ഞാൻ കണ്ടു. ഇടയ്ക്കിടെ എം.ടി.എയിലൂടെ ആ ദൃശ്യം കാണാമായിരുന്നു. പൊതുവെ അവിടെ സന്നിഹിതരായവരുടെ അംഗസംഖ്യയും കൂടുതലായിരുന്നു.

ഞാൻ പറഞ്ഞതുപോലെ ഈ വർഷം ഖിലാഫത്തിന് നൂറുവർഷം പൂർത്തിയായതിന്റെ പേരിൽ ഖിലാഫത്തിന്റെ വിഷയങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രഭാഷണങ്ങളായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ടു തന്നെ അത് കേൾക്കുന്നവരുടെ മുഖത്ത് പ്രകാശം തുളുമ്പുന്നത് വ്യക്തമായിരുന്നു. എന്റെ പ്രസംഗത്തിനു പുറമെ മറ്റു പ്രസംഗങ്ങളിൽ സാധാരണ ഇത്രമാത്രം ശ്രോതാക്കൾ ഉണ്ടാകാറില്ല. അല്ലാഹു പ്രസംഗങ്ങൾ ശ്രവിച്ചവരുടെ ആത്മാർത്ഥതയിലും കൂറിലും ഉയർച്ച നല്കുമാറാകട്ടെ. ജൽസയിൽ ഹാജറുണ്ടായിരുന്നവർ മാത്രമല്ല, എം.ടി.എയിലൂടെ അത് ശ്രവിച്ച ലോകത്തുള്ള എല്ലാ അഹ്മദികളുടേയും ആത്മാർത്ഥതയും കൂറും അല്ലാഹു വർദ്ധിപ്പിക്കുമാറാകട്ടെ.

ജർമ്മനിയിൽ സാധാരണയായി എനിക്കുള്ള പരിപാടികൾക്കു പുറമെ അധികമായി ഒരു പരിപാടിയുമുണ്ടായിരുന്നു. ജർമ്മനിയിൽനിന്നും മറ്റു വിദേശങ്ങളിൽനിന്നും വന്ന അനഹ്മദികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടിയായിരുന്നു അത്. ജർമ്മനിക്കാരായിരുന്നു അവരിലധികവും. അമുസ്‌ലിംകളും അനഹ്മദികളും അവരിലുണ്ടായിരുന്നു. 403 പേർ പങ്കെടുത്ത പരിപാടിയായിരുന്നു അത്. ഇതിൽ ഞാൻ, 'ജിഹാദിന്റെ യാഥാർത്ഥ്യം' എന്ന വിഷയത്തെക്കുറിച്ചുള്ള ഖുർആനികാധ്യാപനം വിവരിക്കുകയുണ്ടായി. ഹിജ്റത്തിനു മുമ്പേ മക്കായിലെ നിഷേധികൾ മുസ്‌ലിംകളോട് എങ്ങനെയാണ് പെരുമാറിയിരുന്നതെന്നും ഹിജ്റത്തിനുശേഷം അവർ എങ്ങനെയാണ് ആക്രമണം നടത്തിയതെന്നും മുസ്‌ലിംകൾ അതിനെ എങ്ങനെ പ്രതിരോധിച്ചുവെന്നും പ്രതിരോധിക്കാനുള്ള കല്പന അവർക്ക് ഏതുവരെ നൽകപ്പെട്ടുവെന്നും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജിഹാദിന് കൊടുത്ത നിർവചനം എന്താണെന്നും അഹ്മദികളായ നമ്മൾ എത്തരം ജിഹാദാണ് ചെയ്യുന്നതെന്നും വിശദീകരിക്കുകയുണ്ടായി. അതിഥികളിൽ ഇത് നല്ല സ്വാധീനമാണ് ചെലുത്തിയത്. ശേഷം നടന്ന കൂടിക്കാഴ്ചയിൽ ചിലർ അത് പ്രകടിപ്പിക്കുകയും ചെയ്തു. മുസ്‌ലിംകളെക്കുറിച്ചുള്ള ധാരാളം സംശയങ്ങളും സന്ദേഹങ്ങളും ഇന്ന് തങ്ങളിൽനിന്ന് അകന്നുപോയെന്ന് അവർ പരസ്യമായി പറഞ്ഞു. ഇസ്‌ലാമിന്റെ ചരിത്രവും ശരിയായ അധ്യാപനവും എന്താണെന്ന് മനസ്സിലായെന്നും അറിയിച്ചു.

ചില രാജ്യങ്ങളിൽനിന്ന് വിദ്യാസമ്പന്നരായ ആളുകളും എത്തിയിരുന്നു. എന്നല്ല, അവരിൽ അധികവും വിദ്യാസമ്പന്നരായിരുന്നു. പറഞ്ഞതിന്റെ ഉദ്ദേശ്യം എഴുത്തുകാരും പത്രപ്രവർത്തകരും അവരിലുണ്ടായിരുന്നുവെന്നാണ്. അവരിൽ ഒന്നുരണ്ടാളുകൾ, 'തങ്ങൾ തങ്ങളുടെ നാട്ടിൽ തിരിച്ചെത്തിയാൽ പത്രങ്ങളിൽ ജൽസയെക്കുറിച്ച് വാർത്തകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുമെന്ന്' എന്നോട് പറഞ്ഞു. അതുപോലെ ഈ പ്രസംഗത്തെ സംബന്ധിച്ചും ആർട്ടിക്കിൾ എഴുതുന്നതാണെന്നും മുസ്‌ലിംകൾ ചെയ്യേണ്ട യഥാർത്ഥ ജിഹാദ് എന്താണെന്നും അഹ്മദികൾ ചെയ്യുന്ന ജിഹാദ് ഏതുരീതിയിലുള്ളതാണെന്ന് എഴുതുമെന്നും പറഞ്ഞു. ഈ ആളുകൾക്ക് ശരിയായ നിലയിൽ കാര്യങ്ങൾ പ്രതിഫലിപ്പിക്കാൻ അല്ലാഹു അനുഗ്രഹം നല്കുമാറാകട്ടെ. കാരണം ചിലപ്പോൾ ചിലയാളുകൾ അനീതിക്കിരയായിപ്പോകാറുണ്ട്. എന്തെങ്കിലുമൊക്കെ ഇടയിൽ കുത്തിത്തിരുകി കയറ്റുകയും ചെയ്യും. എന്തായാലും നമ്മുടെ ജൽസയിൽ പങ്കെടുത്തുകൊണ്ട് അവരിൽ നല്ല സ്വാധീനമുണ്ടായിട്ടുണ്ടെന്നത് അവരുടെ മുഖത്തുനിന്ന് മനസ്സിലാക്കാമായിരുന്നു. അസ്റ്റോണിയ, ഐസ്‌ലാന്റ് (ഐസ്‌ലാന്റിൽനിന്ന് പങ്കെടുത്ത എല്ലാവരും ക്രിസ്ത്യാനികളായിരുന്നു. മുസ്‌ലിംകളാരും അവരിലുണ്ടായിരുന്നില്ല. ചില എഴുത്തുകാരുമുണ്ടായിരുന്നു) അൽബാനിയ, മാൾട്ട, റുമാനിയ, ബൽഗാരിയ തുടങ്ങി മറ്റ് അഞ്ചാറ് രാജ്യങ്ങളിലെ ആളുകളും പങ്കെടുത്തിരുന്നു. ഈ അതിഥികളിലധികവും ക്രിസ്തുമത വിശ്വാസികളായിരുന്നു. ബൽഗാരിയായിൽ ധാരാളം മുസ്‌ലിംകളുണ്ട്. അവർ അവിടെയുള്ളതുകൊണ്ട് ജമാഅത്തിന് എതിർപ്പുമുണ്ട്. പൂർവ്വയൂറോപ്പിലെ രാജ്യമാണിത്. പഴയ തദ്ദേശ മുസ്‌ലിംകളും ഇവിടെ വസിക്കുന്നുണ്ട്. ഇസ്‌ലാമിനെക്കുറിച്ച് ഇവർക്ക് ഒന്നും അറിയില്ല. എന്നല്ല ലോകത്തെല്ലായിടത്തും നമുക്ക് കാണാൻ കഴിയുന്നതുപോലെ എവിടെയൊക്കെ മതത്തിന്റെ പേരിൽ ലഹളകളുണ്ടാകുന്നുവോ അവിടെയൊക്കെ ഈ മുസ്‌ലിം രാഷ്ട്രങ്ങളിൽ മുല്ലാക്കമാരുടെ പ്രധാന റോളുകൾ കാണാം. കാരണം പൊതുവെ മുസ്‌ലിംകൾക്ക് ഇസ്‌ലാമിനെക്കുറിച്ച് അറിവില്ലാത്തതുതന്നെ. അതുകൊണ്ട് ജമാഅത്തിനെ അവർ എതിർക്കുന്നു. ബൽഗാരിയായിലും ഭരണകൂടം- ഭരണകൂടം ഇസ്‌ലാമികമല്ലെങ്കിലും- ജമാഅത്തിനെ എതിർക്കാൻ കാരണക്കാർ ഈ മുല്ലാമാരാണ്. ജമാഅത്ത് പൂർണ്ണ സ്വാതന്ത്ര്യത്തോടെ പ്രബോധനം നടത്തുകയും ഇസ്‌ലാമിനെ സംബന്ധിച്ച് ജനങ്ങളോട് പറയുകയും അവരെ യഥാർത്ഥ മുസൽമാന്മാരാക്കിക്കൊണ്ട് അല്ലാഹുവുമായി ബന്ധപ്പെടുത്താൻ

ശ്രമിക്കുകയും ചെയ്യുമ്പോൾ, നാമധാരികളായ നേതാക്കന്മാരുടേയും മുല്ലാക്കമാരുടേയും വ്യക്തിത്വം ഇല്ലാതാവുന്നു. ഞാൻ പറഞ്ഞതുപോലെ പൊതുജനങ്ങളിൽ അധികപേർക്കും ഇസ്‌ലാമിനെക്കുറിച്ച് ഒരറിവുമില്ല. ഓരോ ജോലിക്കും അവർക്ക് നാമധാരികളായ മുസ്‌ലിം സ്കോളർമാരുടെ അടുത്തേക്ക് പോകേണ്ടിവരുന്നു. തങ്ങൾക്ക് ഇഷ്ടപ്പെട്ട കാര്യങ്ങളാണ് അവർ അത്തരക്കാരോട് പറയുന്നത്.

ഭരണകൂടം ഒരു കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ആ കൗൺസിൽ സർട്ടിഫിക്കറ്റ് കൊടുക്കുന്നവർ മാത്രമേ യഥാർത്ഥ മുസ്‌ലിംകളാവുകയുള്ളൂ. അല്ലെങ്കിൽ യഥാർത്ഥ മുസ്‌ലിം സംഘടനയാവുകയുള്ളൂ. അവർക്കുമാത്രമേ തങ്ങളുടെ പ്രവർത്തനം ഈ രാജ്യത്ത് നടത്താനും കഴിയൂ. എന്തായാലും അതിനുവേണ്ടി ജമാഅത്ത് ശ്രമിച്ചുവരുന്നു. ഇതിന്റെ പേരിൽ കേസുമുണ്ടായിരുന്നു. അല്ലാഹുതആല അവിടെ ജമാഅത്തിനെ രജിസ്റ്റർ ചെയ്യാൻ അനുഗ്രഹിക്കുമാറാകട്ടെ. ബൽഗാരിയായിൽനിന്ന് വലിയൊരു സംഘം ജൽസയ്ക്കെത്തിയിരുന്നു. അതിൽ അനഹ്മദികളും അമുസ്‌ലിംകളുമുണ്ടായിരുന്നു. ഇവിടെ വന്നപ്പോൾ അഹ്മദിയ്യാ ജമാഅത്ത് യഥാർത്ഥ ഇസ്‌ലാമിനെ സമർപ്പിക്കുന്നുവെന്ന് തങ്ങൾക്ക് മനസ്സിലായതായി അവർ സമ്മതിച്ചു. ഇനി തങ്ങൾ തിരിച്ചുപോയി തങ്ങളുടെ നാട്ടിൽ ഇതിനെക്കുറിച്ച് പറയുമെന്നും അവർ പറഞ്ഞു. മുല്ലാമാരുടെ തെറ്റുധാരണകൾ അകറ്റണമെന്ന് ഞാൻ അവരെ അറിയിച്ചു. നിങ്ങൾ എന്തൊന്ന് ഇവിടെ കാണുകയും അനുഭവിക്കുകയും കേൾക്കുകയും ചെയ്തുവോ അതെല്ലാം നിങ്ങളുടെ നാട്ടിൽ പ്രചരിപ്പിക്കുന്നതാണ് നീതിയെന്നും അവരോട് പറഞ്ഞു. ബൽഗാരിയായിൽ ജമാഅത്തിന്റെ സാഹിത്യങ്ങൾ അധികമായി വിതരണം ചെയ്യണമെന്ന് ചിലർ ആഗ്രഹം പ്രകടിപ്പിച്ചു. അവിടെ കുറച്ചൊക്കെ നിയന്ത്രണങ്ങളുണ്ട്. ബൽഗാരിയൻ ഭാഷയിൽ നമ്മൾ സാഹിത്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്നയിന്ന സാഹിത്യങ്ങൾ ലഭ്യമാണെന്ന് എന്നെ അറിയിച്ചപ്പോൾ അത് ഇവർക്ക് എത്തിക്കണമെന്ന് അവിടുത്തെ മുറബ്ബി സാഹിബിനോട് ഞാൻ നിർദ്ദേശിച്ചു. അവിടെ ജമാഅത്ത് സ്വതന്ത്രമായി സ്ഥാപിതമാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജമാഅത്ത് അവിടെയുണ്ടെന്ന് ഞാൻ പറഞ്ഞുവല്ലോ. പക്ഷേ, ഭരണകൂടം രജിസ്ട്രേഷൻ കാൻസൽ ചെയ്തിരിക്കുകയാണ്. അല്ലാഹു നമ്മുടെ പരിശ്രമങ്ങൾ വിജയിപ്പിക്കുമാറാകട്ടെ. ബൽഗാരിയായിൽ ധാരാളം അഹ്മദികളുണ്ട്. ആത്മാർത്ഥതയിൽ വളർന്നവരും വികാരം ഉൾക്കൊള്ളുന്നവരുമാണവർ. അവർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് നല്കുന്നതിനോടൊപ്പം അവരുടെ ഹൃദയങ്ങളിൽ ആത്മാർത്ഥതയും കൂറും അല്ലാഹു നിറയ്ക്കുകയും ചെയ്യുന്നു. അതു കാണുമ്പോൾ അത്ഭുതം തോന്നുകയാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കുമെന്ന് വാഗ്ദാനം ചെയ്തതിന്റെ ബഹിർപ്രകടനമാണിത്.

ജർമ്മൻ പുരുഷന്മാരുമായും സ്ത്രീകളുമായും അവസാന ദിവസം കൂടിക്കാഴ്ചയ്ക്കുള്ള സന്ദർഭം ലഭിച്ചു. കഴിഞ്ഞവർഷം സ്ത്രീകളുമായിട്ടുമാത്രമേ കൂടിക്കാഴ്ചയ്ക്കുള്ള പരിപാടിയുണ്ടായിരുന്നുള്ളൂ. ഈ വർഷം അമീർ സാഹിബ് പുരുഷന്മാർക്കും പരിപാടി സംഘടിപ്പിച്ചു. സ്ത്രീകളുമായിട്ടുള്ള കൂടിക്കാഴ്ചാവസരത്തിൽ ഒരു സ്ത്രീ, താൻ അഹ്മദിയ്യത്ത് സ്വീകരിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അറിയിച്ചു. 27,28 വയസ്സുള്ള യുവതിയായിരുന്നു അവർ. അഹ്മദിയ്യത്തിനെക്കുറിച്ച് ആദ്യമേ നല്ലവണ്ണം മനസ്സിലാക്കിയിരുന്നുവെങ്കിലും ബയ്അത്ത് ചെയ്തിരുന്നില്ല. ജൽസ തന്നെ വല്ലാതെ ആകർഷിച്ചുവെന്നും കുറച്ചുനാളായി ജമാഅത്തുമായിട്ട് ബന്ധമുണ്ടെന്നും സംശയങ്ങളും സന്ദേഹങ്ങളുമെല്ലാം അകന്നിട്ടുണ്ടെന്നും അതുകൊണ്ട് ഇന്നുതന്നെ തനിക്ക് ബയ്അത്ത് ചെയ്യണമെന്നും കൂടിക്കാഴ്ചയ്ക്കിടയിൽ അവർ പറഞ്ഞു.

ഇപ്രകാരംതന്നെ പുരുഷന്മാരുടെ കൂടിക്കാഴ്ചയ്ക്കിടയിൽ യൂനാൻവാസിയായ ഒരു സുഹൃത്തും താൻ ജമാഅത്തുമായി ബന്ധപ്പെടാറുണ്ടെന്നും സാഹിത്യങ്ങൾ വായിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. ഏതൊരു കാര്യമാണ് താങ്കളെ അഹ്മദിയ്യത്തിന്റെ അടുത്തുകൊണ്ടുവന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ, തനിക്ക് ഒരു അഹ്മദി സുഹൃത്ത് ഇസ്‌ലാംമതതത്ത്വജ്ഞാനം നല്കിയെന്നും അത് വായിച്ചതിനുശേഷം ഇസ്‌ലാമിന്റെ സമ്പൂർണ്ണചിത്രവും അധ്യാപനവും തനിക്ക് മനസ്സിലായെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം വികാരഭരിതനായി പറയാൻ തുടങ്ങി, 'ഇന്ന് അങ്ങയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം അഹ്മദിയാകാൻ ഞാൻ തീരുമാനമെടുത്തുകഴിഞ്ഞു'. ബയ്അത്ത് ഫോറം ഇപ്പോൾ പൂരിപ്പിക്കണോ അതോ പിന്നീട് പൂരിപ്പിച്ചാൽ മതിയോ എന്ന് ഞാൻ ചോദിച്ചപ്പോൾ ഇപ്പോൾതന്നെ തന്നിൽ നിന്ന് ബയ്അത്ത് വാങ്ങണമെന്ന് അദ്ദേഹം അപേക്ഷിച്ചു. അവിടെ ജർമ്മൻകാരുടെയും പാക്കിസ്ഥാൻകാരുടെയും സഭയായിരുന്നു നടന്നിരുന്നത്. അതിലെല്ലാവരും അഹ്മദികളായിരുന്നു. ആ സദസ്സിൽവെച്ച് ഞാൻ അദ്ദേഹത്തിന്റെ ബയ്അത്ത് വാങ്ങി.

ആ സദസ്സിൽ ഒരു യുവാവുമുണ്ടായിരുന്നു. അദ്ദേഹവും ബയ്അത്തിൽ പങ്കുകൊണ്ടു. അത് ഏതോ ഒരു പാക്കിസ്ഥാനിയുവാവിന്റെ സുഹൃത്തായിരുന്നു. വസ്ത്രങ്ങളിൽനിന്ന് അഹ്മദിയാണെന്ന് തോന്നുമായിരുന്നു. ശൽവാർ ഖമീസ് വാങ്ങി ധരിച്ചുകൊണ്ട് ജൽസയിൽ വന്നതായിരിക്കാം. താനും അഹ്മദിയാകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് അദ്ദേഹം എന്റെയടുക്കൽ വന്നു. രൂപം കാണുമ്പോൾ അഹ്മദിയാണെന്ന്

തോന്നുന്നുവല്ലോ? എന്നുള്ള എന്റെ ചോദ്യത്തിന് താൻ അഹ്മദിയല്ലെന്നും ക്രിസ്ത്യാനിയാണെന്നും ഇപ്പോൾ അഹ്മദിയാകാൻ ആഗ്രഹിക്കുന്നുവെന്നും പറയുകയുണ്ടായി. താങ്കൾ ആ സദസ്സിലുണ്ടായിരുന്നുവല്ലോ? അതിന്റെ അടിസ്ഥാനത്തിൽ ബയ്അത്ത് കഴിഞ്ഞിട്ടുണ്ട് എന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. 16,17 വയസ്സുള്ള യുവാവാണ്. അക്കാര്യം ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. താങ്കളുടെ മാതാപിതാക്കൾ താങ്കൾ ബയ്അത്ത് ചെയ്താൽ താങ്കളെ മോശക്കാരനായി മനസ്സിലാക്കാൻ ഇടയുണ്ട്. അതുകൊണ്ട് ചിന്തിക്കുക, വീട്ടിൽ എന്തായാലും പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരും എന്നു പറഞ്ഞപ്പോൾ, ‘എന്തും ആയിക്കൊള്ളട്ടെ, താൻ സത്യം അന്വേഷിച്ചുനടക്കുകയായിരുന്നു അഹ്മദിയ്യത്ത് എന്താണെന്ന് തനിക്ക് നല്ലവണ്ണം മനസ്സിലായി. ഇന്ന് താൻ അത് തികച്ചും അനുഭവിച്ചുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ താനിപ്പോൾ അഹ്മദിയാണെന്ന്’ അദ്ദേഹം ആവർത്തിച്ചു. ബയ്അത്തിന്റെ നേരത്തും അവിടെ വലിയ വികാരനിർഭരമായ അന്തരീക്ഷമായിരുന്നു. ബയ്അത്ത് ചെയ്ത യൂനാനി സുഹൃത്തും മറ്റേ സുഹൃത്തും ഏങ്ങലടിച്ചുകരഞ്ഞുകൊണ്ടാണ് ബയ്അത്തിന്റെ വാക്കുകൾ ഏറ്റുപറഞ്ഞത്. എന്തായാലും യൂറോപ്പിൽ വസിക്കുന്ന ചെറുപ്പക്കാർക്ക് ശരിയായ നിലയിൽ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശമെത്തിയാൽ അത് അസമാധാനത്തോടെ കഴിയുന്നവരും സമാധാനം അന്വേഷിച്ചുനടക്കുന്നവരുമായ ഈ രാജ്യങ്ങളിലെ ചെറുപ്പക്കാരെ തീർച്ചയായും അഹ്മദിയ്യത്തിന്റെ മടിത്തട്ടിൽ കൊണ്ടുവരുന്നതാണ്. അതുകൊണ്ട് നമ്മുടെ അവസ്ഥയിലേക്ക് നാം ശ്രദ്ധിക്കണം. ഇക്കൂട്ടർക്ക് മാതൃകയായിത്തീരണം. ഇപ്രകാരംതന്നെ പ്രബോധനത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ലോകരെ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുവന്ന് അവർക്ക് യഥാർത്ഥ സമാധാനം നല്കുന്നവരായിത്തീരാൻ ഇത് അനിവാര്യമാണ്. സത്യമന്വേഷിക്കുന്ന സൽപ്രകൃതക്കാരായ ഓരോരുത്തർക്കും ശരിയായനിലയിൽ സന്ദേശമെത്തുകയാണെങ്കിൽ അല്ലെങ്കിൽ അവർ നമ്മളിൽ പ്രവർത്തനപരമായ മാതൃക കാണുകയാണെങ്കിൽ തീർച്ചയായും അഹ്മദിയ്യത്തിലേക്ക് അവരുടെ ശ്രദ്ധ പതിയും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “എല്ലായിടത്തും വിളിച്ചുപറയുക എന്നതാണ് നമ്മുടെ ജോലി ഇന്ന്. സൽപ്രകൃതക്കാരായവർ അവസാനം വരികതന്നെ ചെയ്യും.” നമ്മൾ വിളിച്ചുപറയുന്ന ഈ ശബ്ദം എല്ലാ ശബ്ദങ്ങളിൽനിന്നും വ്യത്യസ്തമാണ്. അതിലേക്ക് ജനശ്രദ്ധ തിരിച്ചുകൊണ്ടുവരാൻ അഹ്മദികളായ നമ്മൾ ശ്രമിക്കുന്നു. പൊതുവായിട്ടുള്ള ശബ്ദമാണെങ്കിൽ അതിലേക്ക് ജനശ്രദ്ധയുണ്ടാകുകയില്ല. അതിനാൽ ശ്രദ്ധ തിരിച്ചുകൊണ്ടുവരുന്നതിനായി സ്വന്തം അവസ്ഥയും ശ്രദ്ധാർഹമാക്കിത്തീർക്കേണ്ടതാണ്. ഈ അവസ്ഥ കർമ്മപരമായ മാതൃകയിലൂടെയാണ് ഉണ്ടാകുന്നത്. വിളിച്ചുപറയുന്നയാൾ വിളിച്ചുപറയുമ്പോഴെല്ലാം തന്റെ മാതൃകയും അതിനോടൊപ്പം സ്ഥാപിച്ചുകാണിക്കേണ്ടതാണ്. നല്ലവരും സൽപ്രകൃതക്കാരും ആയവരുടെ ശ്രദ്ധ ഈ ഭാഗത്തേക്കുണ്ടാകുമ്പോൾ അവർക്ക് ഈ ശബ്ദത്തിൽ ചേരാതെ പിന്നീടൊരു നിർവ്വാഹവും ഉണ്ടായിരിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേരുക എന്നതു മാത്രമായിരിക്കും അവരുടെ സമാധാനത്തിന് കാരണമായിത്തീരുന്നത്. ഈ വികാരങ്ങളുടെ പ്രകടനമാണ് ജമാഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും പ്രകടിപ്പിക്കുന്നത്. ഞാൻ ആദ്യം പറഞ്ഞതുപോലെതന്നെ, ഈ വർഷം അഹ്മദിയ്യാ ഖിലാഫത്തിന് നൂറുവർഷം തികഞ്ഞ കാരണത്താൽ മറ്റു ജൽസകളെപോലെ ഹാജർനില ജർമ്മനി ജൽസയിലും കൂടുതലായിരുന്നു. വിശാലമായ ഒരുക്കങ്ങൾ നടത്തിയ കാരണത്താൽ ആ ജൽസയ്ക്ക് ഒരു പ്രത്യേക കെട്ടും മട്ടുമുണ്ടായിരുന്നു. പ്രവർത്തകന്മാരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വിശാലമായ ഒരുക്കങ്ങൾ നല്ലവണ്ണം കൈകാര്യം ചെയ്തു. ഇപ്പോൾ ഏതു രാജ്യമെടുത്തു നോക്കിയാലും അവിടുത്തെ ഒരുക്കങ്ങളിലൊന്നും പ്രവർത്തകരിൽ പരിഭ്രമം ഉണ്ടാകാറില്ല. അത്രമാത്രം പരിശീലനം അവർക്ക് കിട്ടിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, പാശ്ചാത്യരാജ്യങ്ങളിൽ കൂടുതൽ തയ്യാറെടുപ്പുകൾ നടത്തേണ്ടിവരുമ്പോൾ സർക്കാർ വകുപ്പും അതിലേക്ക് ശ്രദ്ധിക്കാറുണ്ട്. ജർമ്മനിയിലും ഇതുതന്നെയുണ്ടായി. മൻഹൈം പ്രദേശത്തെ ഇതുസംബന്ധമായി ബന്ധപ്പെട്ട വകുപ്പ് ഒരുക്കങ്ങളൊക്കെ നോക്കിക്കണ്ടു. കഴിഞ്ഞവർഷം അവർ കുറച്ച് ബലം പിടിച്ചിരുന്നു. പക്ഷേ, ഇപ്രാവശ്യം ശുചിത്വത്തിലും വൃത്തിയിലും ഭക്ഷണത്തിലുമൊക്കെ പ്രത്യേകം അവർ ദൃഷ്ടി പതിപ്പിച്ചിരുന്നുവെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. ഭക്ഷണം പാകം ചെയ്യുന്ന ലങ്കർഖാനയിലും ചെറിയ ചെറിയ കാര്യങ്ങളിൽപോലും ആക്ഷേപമുണ്ടാകാം. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടുത്തെ ജോലിക്കാർ പരിശ്രമിച്ചു. നിശ്ചിത നിലവാരം പുലർത്താൻ ശ്രദ്ധിച്ചു. അതുകൊണ്ട് ആക്ഷേപങ്ങൾക്കൊന്നും ഇട കിട്ടിയില്ല. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയാൻ കഴിയും. എന്തായാലും അല്ലാഹുവിന് നന്ദി. ജൽസ വിജയത്തോടെ കഴിഞ്ഞുപോയി. ഒരുതരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടായില്ല. അല്ലാഹു ഭാവിയിലും എല്ലാ പ്രയാസങ്ങളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ.

കഴിഞ്ഞവർഷം ജർമ്മനിയിൽ നടത്തിയ ഖുത്ബയിൽ, ഭക്ഷണം പാചകം ചെയ്യുന്ന ചെമ്പ് കഴുകി വൃത്തിയാക്കുന്ന യന്ത്രത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. ആ യന്ത്രം നിർമ്മിച്ച മൂന്ന് സഹോദര

ന്മാർ ഈ വർഷം- ആദ്യം രണ്ടുപേരായിരുന്നു. ഇപ്പോൾ മൂന്നാമനും അവരോടൊപ്പം ചേർന്നു- ഈ യന്ത്രത്തെ പൂർണ്ണമായും സ്വയം പ്രവർത്തിക്കുന്നതാക്കിയിരിക്കുന്നു. അത്ഭുതകരമായ കാര്യം ഈ സഹോദരന്മാരിൽ ആരും എഞ്ചിനിയർമാരല്ലായെന്നതാണ്. ഒരാൾ ബയോളജിയിൽ ഡിഗ്രിയെടുത്ത് ഇപ്പോൾ വിദ്യാഭ്യാസം തുടരുന്നു. രണ്ടാമത്തേയാൾ അതുപോലെയുള്ളു ഏതോ വിഷയത്തിൽ പിഎച്ച്ഡി ചെയ്യുന്നു. മൂന്നാമത്തെ സഹോദരൻ സെക്കന്ററി സ്കൂളിൽ പഠിക്കുന്നു. താൽപര്യം സത്യസന്ധമാണെങ്കിൽ വിദ്യാഭ്യാസം അല്ലെങ്കിൽ ഏതു വിഷയവും ജമാഅത്തിന്റെ പ്രവർത്തനത്തിന് തടസ്സമാവുകയില്ല. എന്തായാലും അവർ ഈ മിഷ്യൻ ഇപ്പോൾ താനേപ്രവർത്തിക്കുന്ന നിലയിലെത്തിച്ചിരിക്കുകയാണ്. അതെങ്ങനെയെന്നുവെച്ചാൽ, അഴുക്കു പിടിച്ച ചെമ്പ് ഒരു ബെൽട്ടിനുമീതെ വെക്കുന്നു. അത് ആ ചെമ്പിനെ സ്വയം ഉള്ളിലേക്ക് കൊണ്ടുപോകുന്നു. അവിടെ പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് പ്രവർത്തനം നടക്കുന്നു. അതനുസരിച്ച് സോപ്പും ചൂടുവെള്ളവും നിശ്ചിത അളവിൽ ചെമ്പിന്റെയുള്ളിലേക്ക് കടത്തിവിടുന്നു. മിഷ്യന്റെ ഉള്ളിലും വെളിയിലും ഘടിപ്പിച്ചിട്ടുള്ള വിവിധതരം ബ്രഷുകൾ അതിനെ തേച്ചുകഴുകാൻ തുടങ്ങുന്നു. ചെമ്പിന്റെയുള്ളിൽ എന്തെങ്കിലും അടിക്കുപിടിച്ചിട്ടുണ്ടെങ്കിൽ അതും വൃത്തിയാക്കുന്നു. ഇതെല്ലാം രണ്ടു മിനുട്ടിനുള്ളിൽ കഴുകിവൃത്തിയാക്കി ചെമ്പ് വെളിയിൽ കൊണ്ടുവരുന്നു. ഇവരിപ്പോൾ ഖാദിയാനിലും അവിടുത്തെ ചെമ്പിന്റെ രൂപമനുസരിച്ച് മിഷ്യൻ തയ്യാറാക്കാൻ ശ്രമിക്കുകയാണ്. അവിടുത്തെ ചെമ്പുകൾ ഇവിടുത്തെ അപേക്ഷിച്ച് അല്പം വ്യത്യസ്തമാണ്. അടിഭാഗം വിസ്താരമുള്ളതും മുകൾഭാഗം ഇടുങ്ങിയതുമാണത്. അതനുസരിച്ച് മിഷ്യനിൽ ഭേദഗതി വരുത്തണം. എത്രയും വേഗം ഇത് തയ്യാറാക്കണമെന്ന ഉറച്ച തീരുമാനത്തിലാണവരുള്ളത്. അല്ലാഹു ഈ മൂന്ന് സഹോദരന്മാരുടെയും പരിശ്രമങ്ങളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. അത്വാഉൽ മന്നാൻ ഹഖ്, ഉജൂബുൽ ഹഖ്, നൂറുൽ ഹഖ് എന്നാണിവരുടെ പേരുകൾ. ഇവരുടെ ആത്മാർത്ഥതയും കൂറും അല്ലാഹു എപ്പോഴും നിലനിറുത്തുമാറാകട്ടെ. ഭാവിയിലും ഇവർക്ക് ജമാഅത്തിന് നല്ലനിലയിൽ സേവനം ചെയ്യാൻ ഭാഗ്യം ലഭിക്കുമാറാകട്ടെ. ഇവർക്കുണ്ടാകുന്ന വിജയങ്ങളെല്ലാം ഇവരിൽ കൂടുതൽ വിനയം സൃഷ്ടിക്കുമാറാകട്ടെ. കാരണം ചിലപ്പോൾ ചില കാര്യങ്ങളിൽനിന്ന് അഹങ്കാരമുണ്ടാകാറുണ്ട്. അല്ലാഹു അഹ്മദികളുടെ മനസ്സിൽ- അവർ എപ്പോൾ നല്ലകാര്യം ചെയ്താലും- വിനയം വളർത്തുമാറാകട്ടെ.

ഈ വർഷം ഖുദ്ദാമുൽ അഹ്മദിയ്യ, ഖിലാഫത്ത് ജൂബിലിയുടെ പേരിൽ മായി മാർക്കറ്റിൽ സ്പോർട്സ് ടൂർണ്ണമെന്റും സംഘടിപ്പിച്ചിരുന്നു. അതുകൊണ്ട് തയ്യാറെടുപ്പുകൾ കുറച്ചു നേരത്തെതന്നെ തുടങ്ങി. കഠിനാധ്വാനം ചെയ്ത് എല്ലാ ഒരുക്കങ്ങളും വളരെ മുമ്പേ ഖുദ്ദാം പൂർത്തിയാക്കുകയും ചെയ്തു. എല്ലാ വർഷത്തേയും അപേക്ഷിച്ച് ഈ വർഷം ഒരാഴ്ചയ്ക്കു മുമ്പേ വഖാറെ അമലിനുവേണ്ടി ഖാദിംകൾ സമയം നല്കി തുടങ്ങിയിരുന്നു. എല്ലായിടത്തും കഠിനാധ്വാനമാണ് അവർ ചെയ്തിരുന്നത്. ഇപ്രകാരംതന്നെ ജർമ്മനിയിലും. ജർമ്മനിയിൽ പന്തലിടുന്നതും ഇവർതന്നെയാണ്. ഇത് വളരെ കഠിനാധ്വാനത്തോടെ ചെയ്യേണ്ട ജോലിയാണ്. വലിയ വൈദഗ്ദ്ധ്യം ഇക്കാര്യത്തിലുണ്ടാകണം. ജോലിക്കിടയിൽ ചിലർക്ക് പരിക്കുകളും ഏല്ക്കാറുണ്ട്. പക്ഷേ, അതൊന്നും ശ്രദ്ധിക്കാതെ ആവേശത്തോടും ഉത്സാഹത്തോടും അവർ ജോലി ചെയ്തുകൊണ്ടേപോകുന്നു. പരാതിയോ മറ്റോ ഒന്നുമില്ലാതെ ദിവസങ്ങളോളം ഈ ജോലികൾ അവർ ചെയ്യുന്നു. ചിലർക്ക് 36, 48 മണിക്കൂറിനുശേഷമാണ് ഉറങ്ങാൻ സമയം കിട്ടുന്നത്. ജൽസയ്ക്കുശേഷം വൈന്റപ്പ് ചെയ്യുക എന്ന ജോലിയുമുണ്ട്. ഇതും വളരെ ദുഷ്കരവും ഉത്തരവാദപ്പെട്ടതുമായ ജോലിയാണ്. വൃത്തിയാക്കുക എല്ലാം അടുക്കിയൊതുക്കി വയ്ക്കുക എന്നിട്ട് അടിച്ചുവാരുക. അല്ലാഹു ഈ ജോലികൾ ചെയ്യുന്നവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവരും നന്ദിക്കർഹരാണ്.

ജൽസയിൽ പങ്കെടുക്കുന്നവർ അതിൽ പങ്കെടുത്ത് പരിപാടികളും കേട്ട് തിരിച്ചുപോകുന്നു. ഒരുക്കങ്ങൾ നടത്താനും പരിപാടി നടന്നതിനുശേഷവും അതെല്ലാം അഴിച്ചു തയ്യാറാക്കി എത്തേണ്ടിടത്ത് എത്തിക്കാനും എത്രമാത്രം സമയം വേണമെന്നോ അതിന്റെ പിന്നിൽ എന്തെന്തെല്ലാം കഠിനാധ്വാനം ആവശ്യമാണെന്നോ അവരറിയുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലുള്ളവരിൽ തങ്ങളെ എന്ത് ജോലിക്കും അർപ്പിക്കുക എന്നത് ഒരു ശീലമായിക്കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും കാരണത്താൽ അവരിൽനിന്ന് സേവനമെടുക്കുന്നില്ലെങ്കിൽ അതാണ് അവരെ അസ്വസ്ഥരാക്കുന്നത്. ഇക്കൂട്ടരാണ് ഖിലാഫത്തിനോട് കൂറുപുലർത്തുന്ന കാരണത്താൽ ഖിലാഫത്തിൽനിന്നുണ്ടാകുന്ന എല്ലാ വിളികൾക്കും ലബ്ബൈക്ക് പറയാൻ എപ്പോഴും തയ്യാറായിരിക്കുന്നവർ. അല്ലാഹു അവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ധനത്തിലും ജീവനിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ.

ഇവിടെ നടക്കുന്ന ജൽസയിലും മറ്റു രാജ്യങ്ങളിൽ നടക്കുന്ന ജൽസയിലും പുറത്തുനിന്നുള്ളവർ പങ്കെടുക്കുകയും അഭിപ്രായം പറയുകയും ചെയ്യാറുണ്ട്. ജർമ്മനിയിലും അതുണ്ടായി. എത്രത്തോളം സന്തോഷത്തോടുകൂടിയാണ് ചെറിയവർ മുതൽ വലിയവർവരെ- അവരിൽ ഏഴെട്ട് വയസ്സുള്ള കുട്ടികളു

മുണ്ട്, 60,70 വയസ്സുള്ള വലിയവരുമുണ്ട് യുവാക്കളും പുരുഷന്മാരും സ്ത്രീകളുമുണ്ട്- ഏതേതെല്ലാം ജോലികളാണോ അവരെ ഏല്പിച്ചിട്ടുള്ളത് അങ്ങേയറ്റം സേവനമനോഭാവത്തോടെ നിർവഹിക്കുന്നത് കാണുമ്പോൾ മറ്റുള്ളവർക്ക് അത്ഭുതമാണ്. ദീർഘമായ ഡ്യൂട്ടി നിർവ്വഹിച്ചാലും ആരുടേയും നെറ്റിത്തടത്തിൽ ചെറിയ ചുളിവുപോലുമുണ്ടാകാറില്ല. എന്നല്ല അതിഥികളെ സേവിച്ചുകൊണ്ട് അവരുടെ മുഖത്തുനിന്ന് സന്തോഷം പ്രകടമാകുന്നു.

ജൽസയിൽ പങ്കെടുക്കുന്നവരുടെ പരസ്പരമുള്ള സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും അന്തരീക്ഷമാണ് പിന്നീട് വരുന്നത്. ഇതും മറ്റുള്ളവരെ ഹഠാദാകർഷിക്കുന്നു. ഇത് ഓരോ അഹ്മദിക്കും പ്രത്യേകമായിട്ടുള്ള കാര്യമാണ്. അങ്ങനെയാണ് വേണ്ടതും. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജൽസയുടെ ഉദ്ദേശ്യങ്ങളിൽ ഒരു വലിയ ഉദ്ദേശ്യമായിരുന്നു ഇതും. അതായത്, പരസ്പരം സ്നേഹവും സന്തോഷവുമുണ്ടാക്കുക. ജൽസ കാണാൻ വരുന്ന അന്യരെ ഇക്കാര്യം ആകർഷിക്കുന്നു. പലരും എന്നോട് അത് പ്രകടിപ്പിക്കുകയും ചെയ്തു. ഇത്ര വലിയ ജനക്കൂട്ടം. പക്ഷേ, ഒരു പോലീസിനേയും കാണുന്നില്ല. എല്ലാ കാര്യങ്ങളും മുറപോലെ ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെയുള്ളിൽ സൃഷ്ടിച്ച പരിശുദ്ധമായ വിപ്ലവമാണിതെന്നും നിങ്ങളും ഇതിനോടു ചേർന്നാൽ നിങ്ങളുടെ അവസ്ഥയും ഇങ്ങനെയായിത്തീരുമെന്നും അവർക്ക് എങ്ങനെയാണ് പറഞ്ഞുകൊടുക്കേണ്ടത്. ഈ അവസ്ഥ സൃഷ്ടിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരന്തരം നമുക്ക് ശിക്ഷണം നല്കുകയും നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ആ മഹാത്മാവ് പറയുന്നു: ‘‘സ്വഭാവങ്ങൾ നന്നാക്കിത്തീർക്കുക എന്നത് ശ്രമകരമായ ജോലിയാണ്. മനുഷ്യൻ തന്നെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കാത്തിടത്തോളം ഒരു പരിഷ്കരണവും നടക്കുകയില്ല. നാവിന്റെ ദുസ്വഭാവം ശത്രുതയുണ്ടാക്കുന്നു. അതിനാൽ നാവിനെ എപ്പോഴും നിയന്ത്രിച്ചുനിറുത്തുക.” വീണ്ടും ആ മഹാത്മാവ് പറഞ്ഞു: “ദുർബലരായ സഹോദരന്മാരെ പതിവായിട്ട് സഹായിക്കുകയും അവർക്ക് ശക്തി പകരുകയും ചെയ്യേണ്ടതാണ്.” പിന്നീട് പറഞ്ഞു: “വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു ***തആവനൂ അലൽബിർരി വത്തഖ്‌വാ*** ദുർബലരായ സഹോദരങ്ങളുടെ ഭാരം നിങ്ങളേറ്റുക. ദുർബലരായവർക്ക് ബലമുള്ളവർ താങ്ങാകാത്തിടത്തോളം ഒരു ജമാഅത്തും യഥാർത്ഥ ജമാഅത്തായിരിക്കുകയില്ല. അതിനുള്ള രീതി അവരുടെ ദുർബലത മറച്ചുവയ്ക്കുക എന്നതാണ്. നവമുസ്ലിംകളുടെ ബലഹീനതകൾ കണ്ട് പരിഹസിക്കരുതെന്നാണ് സ്വഹാബിമാരെ നബി(സ) പഠിപ്പിച്ചത്. കാരണം നിങ്ങളും അങ്ങനെയുള്ള ബലഹീനരായിരുന്നു. ഇപ്രകാരം വലിയവർ ചെറിയവരെ സേവിക്കേണ്ടത് അനിവാര്യമാണ്. സ്നേഹത്തോടും മാർദ്ദവത്തോടുംകൂടി അവരോടു പെരുമാറുക. നോക്കുക, പരസ്പരം കടിച്ചുതിന്നാൻ നില്ക്കുന്നവരുടെ ജമാഅത്ത്, യഥാർത്ഥ ജമാഅത്തായിരിക്കുകയില്ല.” ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: “പരസ്പരം സേവനം ചെയ്ത് ബലഹീനതകൾ മറച്ചുവയ്ക്കുമ്പോഴാണ് ജമാഅത്ത് യഥാർത്ഥ ജമാഅത്തായിത്തീരുന്നത്. ഇത്തരം അവസ്ഥയുണ്ടായിക്കഴിഞ്ഞാൽ ഒരൊറ്റ ശരീരമായിക്കൊണ്ട് ഒരാൾ മറ്റൊരാൾക്ക് സമമായിത്തീരും. സ്വയം യഥാർത്ഥ സഹോദരനേക്കാളുപരിയായിട്ട് അവരെ മനസ്സിലാക്കുകയും ചെയ്യുന്നു.” വീണ്ടും പറയുന്നു: “ഇപ്പോൾ നിങ്ങളിൽ ഒരു പുതിയ സാഹോദര്യബന്ധം ഉണ്ടായിരിക്കുകയാണ്. മുൻകഴിഞ്ഞ പരമ്പരയൊക്കെ മുറിഞ്ഞുപോയിരിക്കുന്നു. അല്ലാഹു ഒരു പുതിയ ജനതയെ സൃഷ്ടിച്ചിരിക്കുന്നു. ഇതിൽ സമ്പന്നരും ദരിദ്രരും, കുട്ടികളും യുവാക്കളും, വൃദ്ധരും തുടങ്ങി എല്ലാവരും ചേർന്നിരിക്കുന്നു. തങ്ങളുടെ ആദരണീയരായ സഹോദരങ്ങളെ ബഹുമാനിക്കേണ്ടത് ദരിദ്രരുടെ നിർബന്ധകടമയാണ്. അതിനാൽ അവരെ ആദരിക്കുക. ദരിദ്രരെ സഹായിക്കുക എന്നത് സമ്പന്നരുടെ നിർബന്ധ കടമയാണ്. അവരെ ഫക്കീറായിട്ടും നിന്ദ്യരായിട്ടും കാണരുത്. കാരണം അവരും നിങ്ങളുടെ സഹോദരങ്ങളാണ്.”

ഈ അധ്യാപനമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ തുന്നിപ്പിടിപ്പിച്ചിരിക്കുന്നത്. ഇക്കാരണത്താലാണ് ഈ അധ്യാപനം തലമുറ തലമുറയായി നടപ്പിൽ വന്നുകൊണ്ടിരിക്കുന്നതും ഇപ്പോൾ നമ്മുടെ പരിഷ്കരണം നടന്നുവരുന്നതും. അത്തരം അധ്യാപനങ്ങളെ അംഗീകരിക്കുന്നവരാണ് പരസ്പരം സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറുന്നവർ. പ്രത്യേകിച്ച് അല്ലാഹുവിനുവേണ്ടി സംഘടിച്ചിരിക്കുന്നവരാണവർ. അതിനാൽ ഇക്കാര്യങ്ങൾ ഓരോ അഹ്മദിയും മുന്നിൽ കാണേണ്ടതാണ്. ധാർമ്മിക ഗുണങ്ങളുടെ നിലവാരം ഉയർന്നുകൊണ്ടുപോകുന്നതിനും നമ്മൾ മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുന്നവരായിത്തീരുന്നതിനും ഇത് അനിവാര്യമാണ്. ഇക്കാര്യം നമ്മുടെ പ്രബോധനത്തിനുള്ള മാർഗ്ഗമായുംതീരും.

ഇപ്രാവശ്യം സ്ത്രീകളുടെ ജൽസാഗാഹിൽ നിന്ന് കിട്ടിയ റിപ്പോർട്ട് വളരെ നല്ലതായിരുന്നു. കഴിഞ്ഞ വർഷം അവരിൽനിന്നുണ്ടായ പരാതി ഇപ്രാവശ്യം അവരകറ്റി. ഞാൻ സ്ത്രീകളുടെമേൽ ഏർപ്പെടുത്തിയ നിയന്ത്രണംകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യാനും ധാരാളം അവസരം അവർക്ക് കിട്ടി. വേദനാജനകമായ കത്തുകൾ മാപ്പിനായി അവർ എഴുതിക്കൊണ്ടിരുന്നു. അത് അവരുടെ ഹൃദയത്തിന്റെ ശബ്ദമായിരുന്നു. ഇപ്രാവശ്യത്തെ അവരുടെ പ്രവർത്തനം അത് തെളിയിച്ചുകാണിച്ചു. ഇത് അല്ലാഹുവിനോട്

നന്ദി കാണിക്കാനും അവനെ സ്തുതിക്കാനും നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ രീതിയിലുള്ള പ്രിയപ്പെട്ട ജമാഅത്താണ് നല്കിയിട്ടുള്ളത്. ഖിലാഫത്തിന്റെ വിളിക്ക് അനുസൃതമായി അവർ എഴുന്നേല്ക്കുകയും ഇരിക്കുകയും ചെയ്യുന്നു. സകല കാര്യങ്ങൾക്കും ലബ്ബൈക്ക് പറയുന്നു. അല്ലാഹുവിനല്ലാതെ-അവന്റെ കൈയിലാണ് എല്ലാ ഹൃദയങ്ങളുമിരിക്കുന്നത്- മറ്റാർക്കും ഈ അവസ്ഥയുണ്ടാക്കാൻ സാധ്യമല്ല. അതുതന്നെ ഈ ജമാഅത്ത് സത്യജമാഅത്താണെന്ന് വിളിച്ചോതുന്നു. ഈ ജമാഅത്ത് സ്ഥാപിക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നത്. ഇസ്‌ലാമിന്റെ ഈ അധ്യാപനം ലോകത്തിലെ മുക്കിലും മൂലയിലും എത്തിക്കേണ്ടതും ആ പുണ്യാത്മാവ് തന്നെയാണ്.

ജൽസയുടെ അവസാനദിവസം പുരുഷന്മാരുടെയും സ്ത്രീകളുടെയും ആവേശപ്രകടനവും മുമ്പത്തേക്കാളധികമായിരുന്നു. ഇപ്രാവശ്യമുള്ള ബന്ധം മറ്റൊരു രീതിയിൽ കാണാൻ കഴിഞ്ഞുവെന്ന് ഏതോ ഒരു അഹ്മദി എന്നോട് പറയുകയുണ്ടായി. അത് യഥാർത്ഥത്തിൽ ശരിതന്നെയാണ്. ഈ വർഷം കഴിഞ്ഞ ജൽസകളെ അപേക്ഷിച്ച് എന്തെങ്കിലും വ്യത്യാസം അനുഭവപ്പെട്ടോ എന്ന് ഒരു ജർമ്മൻ അഹ്മദിയോട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹത്തിൽ പെട്ടെന്നുണ്ടായ പ്രതികരണം, 'ഖിലാഫത്തിന്റെ സ്ഥാനമാനത്തെക്കുറിച്ചുള്ള അറിവും ജ്ഞാനവും പ്രത്യേകമായ ബന്ധവും കൂടുതൽ തിളച്ചുപൊന്തുകയും അതെല്ലായിടത്തും കാണാൻ കഴിയുകയും ചെയ്തു' എന്നായിരുന്നു. ഇതു താൻ അനുഭവിച്ചറിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.

ഖിലാഫത്തിന്റെ ജൂബിലിയുടെ തയ്യാറെടുപ്പും അതിൽ പ്രതിപാദിക്കപ്പെട്ട വിഷയങ്ങളുമൊക്കെ മനസ്സിലാക്കാൻ ധാരാളമാളുകൾക്ക് അവസരം കിട്ടി. ഇതിന്റെ പേരിൽ വിവിധ പരിപാടികളും നടന്നു. ഇതെല്ലാം ഈ ഭാഗത്തേക്ക് പ്രത്യേക ശ്രദ്ധയും മാറ്റവുമുണ്ടാക്കി. അല്ലാഹു ഇതെല്ലാം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഓരോ അഹ്മദിയും കരസ്ഥമാക്കുന്ന പദവിയും, നന്മയേയും തഖ്‌വയേയും അഭിവൃദ്ധിപ്പെടുത്തുന്ന പദവിയായിരിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതാണ് തന്റെ ജമാഅത്തിൽ നിന്ന് പ്രതീക്ഷിച്ചിട്ടുള്ളത്. അതു പറഞ്ഞുകൊടുക്കാൻ അഹ്മദിയ്യാ ഖിലാഫത്ത് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അൽവസിയ്യത്ത് എന്ന ചെറുഗ്രന്ഥത്തിൽ ഒരിടത്ത് പറയുന്നു: "നിങ്ങളും സഹതാപംകൊണ്ടും ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ടും റൂഹുൽ ഖുദുസിൽ ഭാഗഭാക്കാകുക. റൂഹുൽ ഖുദുസ് കൂടാതെ യഥാർത്ഥ ഭയഭക്തി കരഗതമാകുകയില്ല. ശാരീരികാവശ്യങ്ങളെ പൂർണ്ണമായും ത്യജിച്ച് ഏറ്റവും ഇടുങ്ങിയ വഴി സ്വീകരിക്കുക. ഭൗതികാനന്ദത്തിൽ ലയിച്ചുകളയാൻ പാടില്ല. അത് അല്ലാഹുവിൽനിന്ന് നിങ്ങളെ വേർപെടുത്തുന്നതാണ്."

തഖ്‌വയുടെ ഈ നിലവാരം കരസ്ഥമാക്കുന്നതിനു വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നവർ ആരായാലും അവർ അല്ലാഹുവിന്റെ സാമീപ്യ പദവി പ്രാപിക്കുന്നതാണ്. അവന്റെ അനുഗ്രഹങ്ങളിലും ഭാഗഭാക്കാകുന്നതാണ്.

ഇപ്രാവശ്യം ജർമ്മനിയിൽ ഖിലാഫത്തിന്റെ പേരിൽ ഒരു ചിത്രപ്രദർശനവും സംഘടിപ്പിച്ചിരുന്നു. അതും അവരുടെ നല്ല പരിശ്രമമായിരുന്നു. എന്തായാലും ദൈവാനുഗ്രഹത്താൽ മൊത്തത്തിൽ ജർമ്മനിയുടെ ജൽസാ സാലാനയും പ്രത്യേക അനുഗ്രഹം ഉൾക്കൊള്ളുന്നതായിരുന്നു. അല്ലാഹു ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ആത്മാർത്ഥതയും കൂറും വിശ്വാസവും വർദ്ധിപ്പിക്കുമാറാകട്ടെ. അല്ലെങ്കിൽ അഭിവൃദ്ധിപ്പെടുന്നവരാക്കിത്തീർക്കട്ടെ. തങ്ങളുടെ ജീവിതോദ്ദേശ്യം മനസ്സിലാക്കുന്നവരായിത്തീരട്ടെ. ഇത്രയും പറഞ്ഞുകൊണ്ട് ഞാനൊരു ദുആയ്ക്ക് അപേക്ഷിക്കാനാഗ്രഹിക്കുകയാണ്.

ഈയിടെയായി ഇന്ത്യയിലെ ചില സ്ഥലങ്ങളിൽ അഹ്മദിയ്യത്തിന്നെതിരിൽ എതിർപ്പ് ശക്തിപ്രാപിച്ചിരിക്കുകയാണ്. ഖിലാഫത്ത് ജൂബിലിയുടെ പേരിൽ ഇന്ത്യയിലെ ഹൈദരാബാദിൽ നമ്മുടെ ജൽസ സംഘടിപ്പിച്ചിരുന്നു. എതിരാളികൾ ശക്തമായ ബഹളമുണ്ടാക്കി. തയ്യാറെടുപ്പിന്റെ പ്രഥമഘട്ടത്തിൽതന്നെ അവർ ജാഥ നടത്തുകയും എല്ലാം തല്ലിത്തകർക്കുകയും ചെയ്തു. ചിലയിടത്ത് ജൽസ നടത്താൻ കഴിഞ്ഞില്ല. കഴിഞ്ഞദിവസം സഹാറൻപൂരിൽ അഹ്മദികളുടെ വീട്ടിനുനേരെ ആക്രമണം നടത്തി. അവരെ മർദ്ദിച്ചു. സാധനങ്ങളെല്ലാം നശിപ്പിച്ചു. വീടുകൾക്ക് കേടുവരുത്തി. തീവെക്കാൻ ശ്രമിച്ചു. ഇതെല്ലാം ചെയ്യുന്നത് അന്യരല്ല. ഹിന്ദുക്കൾ അധികമായി വസിക്കുന്ന സ്ഥലമായതുകൊണ്ട് അവരാണ് ഇതിന്റെ പിന്നിലെന്ന് ധരിക്കേണ്ട. മറിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ ഈ ആക്രമണം നടത്തുന്നത് നാമധാരികളായ മുസ്‌ലിംകളാണ്. മുല്ലാക്കമാരാണ് ഈ സ്ഥലങ്ങളിൽ കലഹങ്ങൾ ഊതി ജ്വലിപ്പിക്കുന്നത്. തദ്ദേശവാസികൾ ഇതിൽ പെടുന്നു. വെളിയിൽനിന്ന് മുല്ലാക്കമാർ അവർക്ക് പ്രചോദനം നല്കുന്നു. ചില അഹ്മദികളെ വളരെ നിഷ്ഠൂരമായിട്ട് മർദ്ദിച്ചു. മുറിവേറ്റവർ ആശുപത്രിയിലാണ്. ഇവരെല്ലാവരും നവഅഹ്മദികളാണ്. പഴയ അഹ്മദികളല്ല. പക്ഷേ, ദൈവാനുഗ്രഹത്താൽ എല്ലാവരുടേയും ഈമാൻ ദൃഢതരമാണ്. ഏതൊരു മസീഹ് മഹ്ദിയെ അവർ സ്വീകരിച്ചുവോ അദ്ദേഹം നബി(സ) പ്രവചിച്ച വ്യക്തി തന്നെയാണെന്ന് അവർ ഉറച്ചുവിശ്വസിക്കുന്നു. അവിടെനിന്ന് പുറത്താക്കപ്പെട്ട അഹ്മദികളെല്ലാം സുരക്ഷിതരാണ്. കുറച്ചുപേർ ഖാദിയാനിലുണ്ട്. കുറച്ചാളു

കൾ ആശുപത്രിയിലും. അവരുടെ വീടുകൾക്കും സ്വത്തുക്കൾക്കും ഒരുപാട് നഷ്ടം വരുത്തി. അക്രമികൾ ഇത് ചെയ്തത് പുതിയ അഹ്മദികളായതുകൊണ്ട് തങ്ങളെ പേടിച്ച് അവർ അഹ്മദിയ്യത്ത് ഉപേക്ഷിക്കുമെന്ന് കരുതിയാണ്. പക്ഷേ, ഒരു വീട്ടിൽ പിതാവ് മാത്രമായിരുന്നു അഹ്മദിയെങ്കിൽ ഈ അക്രമങ്ങൾ കാരണത്താൽ മറ്റുള്ളവർക്കും അദ്ദേഹത്തിന്റെ ദൃഢമായ ഈമാൻ കണ്ടുകൊണ്ട് വിശ്വസിക്കാൻ ഭാഗ്യം കിട്ടിയെന്നതാണ്. അവിടെ എട്ടു, പത്ത് അഹ്മദി വീടുകളാണുണ്ടായിരുന്നത്. ഈ അക്രമത്തിന്റെ ഫലമായി പത്ത് പതിനഞ്ചാളുകൾക്കൂടി ബയ്അത്ത് ചെയ്തു.

ഈ മുല്ലാമാരുടെ ഈമാൻ നാട്യത്തിന്റേതാണ്. അതുകൊണ്ട് അഹ്മദികളേയും തങ്ങളുടെ കണ്ണ് കൊണ്ടാണ് അവർ നോക്കിക്കാണുന്നത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അവരിൽനിന്ന് വന്നിട്ടുള്ളവരിൽ എന്ത് മാറ്റമാണുണ്ടായിട്ടുള്ളതെന്ന് അവർ നോക്കുന്നില്ല. അപ്രകാരംതന്നെ ഇന്ത്യയിലെ മറ്റ് ചില സ്ഥലങ്ങളിലും മറ്റുചില മുസ്‌ലിംഭൂരിപക്ഷ പ്രദേശങ്ങളിലും അഹ്മദികളുടെമേൽ അക്രമം നടക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇതുപോലെ തന്നെ പാക്കിസ്ഥാനിലും പുതിയ രീതിയിൽ അഹ്മദികളുടെമേൽ അക്രമം അഴിച്ചുവിടുന്നതായി കാണുന്നു. ലാഹോറിലെ നമ്മുടെ ഒരു സെന്ററിൽനിന്ന് പരിശുദ്ധ കലിമ എഴുതിയ ബോർഡ് പോലീസുകാർ താഴെയിറക്കി. അതുപോലെതന്നെ 'കുണിടി' എന്ന പ്രദേശത്തും കഴിഞ്ഞദിവസം നമ്മുടെ പള്ളിയുടെ നേരെ കല്ലേറ് നടന്നു. പള്ളിക്ക് കേടുകൾ പറ്റി. അഹ്മദികളുടെ വീടിനുനേരെയും കല്ലേറുണ്ടായി.

ഇവർക്കുള്ള ഈ വിഷമത്തിനെല്ലാം കാരണം എല്ലാത്തരം എതിർപ്പുകളുണ്ടായിട്ടും ജമാഅത്തിന്റെ ചുവട് മുന്നോട്ടു കുതിക്കുന്നു എന്നതാണ്. എല്ലാ സ്ഥലത്തും ഖിലാഫത്ത് ജൂബിലിയുടെ പേരിൽ ജൽസ പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. ഇക്കാര്യമാണ് അവർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത്. അവരുടെ അഭിപ്രായത്തിൽ, 'അവർ അവരുടെ അഭിപ്രായ ഭിന്നതയിൽ പെരുകുമ്പോൾ അഹ്മദിൾ തങ്ങളുടെ ഐക്യത്തിൽ ശക്തിപ്പെടുന്നു.' ആരോ പറയുകയുണ്ടായി കഴിഞ്ഞദിവസം ഖിലാഫത്ത് ജൂബിലിയുടെ പേരിൽ ലാഹോറിൽ പരിപാടി നടക്കുകയായിരുന്നു. അത് കണ്ടുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു രാഷ്ട്രീയനേതാവ് പറഞ്ഞു, ഇവരുടെ പരിപാടി നടത്താൻ അനുവദിക്കരുത്. ഇക്കൂട്ടർ ഖിലാഫത്ത് ജൂബിലി ആഘോഷിച്ചാൽ അത് അവരുടെ വളർച്ചക്ക് കാരണമാകും. നമ്മുടെ നില തെരുവുപട്ടികളെപോലെയായിത്തീരുകയും ചെയ്യും.' നമ്മൾ അവരെ ചീത്ത പറഞ്ഞില്ല. അവരുടെ നില എന്തായിത്തീരുമെന്ന് അവരുതന്നെയാണ് വിളിച്ചുപറയുന്നത്.

ഈ എതിരാളികൾ മനസ്സിലാക്കിക്കൊള്ളട്ടെ. അഹ്മദിയ്യാ ജമാഅത്ത് വളരണമെന്നത് അല്ലാഹുവിന്റെ വിധിയാണ്. ഇൻശാഅല്ലാഹ്. അതിനെ തടയാൻ ആർക്കും സാധ്യമല്ല. നിങ്ങളുടെ നില എന്തായിരിക്കുമെന്നത് നിങ്ങളുടെ അവസ്ഥ കണ്ട് നിങ്ങൾക്കുതന്നെ മനസ്സിലാകുന്നതാണ്. അല്ലെങ്കിൽ അല്ലാഹുവിന്നറിയാം നിങ്ങൾ എങ്ങനെയായിത്തീരുമെന്ന്.

പീഡിതരായ ആ അഹ്മദികൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. അക്രമം അവസാനിക്കുന്ന നാൾ എത്രയും വേഗം അല്ലാഹു അടുത്തുകൊണ്ടുവരുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു നിങ്ങളെ പാഴാക്കിക്കളയുമെന്ന് നിങ്ങൾ കരുതരുത്. നിങ്ങൾ മണ്ണിൽ വിതയ്ക്കപ്പെട്ട അല്ലാഹുവിന്റെ കൈയിലെ വിത്താണ്. അല്ലാഹു പറയുന്നു, അത് വളരും പുഷ്പിക്കും. എല്ലാ ഭാഗത്തേക്കും അതിന്റെ ശാഖകൾ നീളും. അതൊരു വൻമരമായിത്തീരും. അല്ലാഹു പറഞ്ഞ കാര്യങ്ങൾ ദൃഢമായി വിശ്വസിക്കുന്നവരും ഇടയിൽ വരുന്ന പരീക്ഷണങ്ങളെ ഭയപ്പെടാത്തവരുമാണ് ഭാഗ്യവാന്മാർ." ഇത്തരം കാര്യങ്ങളുണ്ടാകുമ്പോൾ അഹ്മദികളുടെ ഈമാൻ ഏറെ ശക്തിപ്രാപിക്കുന്നു. നമ്മുടെ എതിരാളികൾ കേട്ടുകൊള്ളുക. ഇതൊരു ബലഹീനമായ ചെടിയായിരുന്നപ്പോൾ അന്നും അല്ലാഹു ഇതിനെ സംരക്ഷിച്ചു. എതിരിൽ വന്ന ഒരാക്രമണത്തേയും വിജയിക്കാൻ വിട്ടില്ല. ആ ചെടി ഇന്ന് വൻമരമായി രൂപംകൊണ്ടിരിക്കുന്നു. ഇന്നും ഈ മരം അല്ലാഹുവിന്റെ സംരക്ഷണയിലാണുള്ളത്. ഭാവിയിലും ഇൻശാഅല്ലാഹ് അവൻതന്നെ ഇതിനെ കാത്തുസൂക്ഷിക്കുന്നതാണ്. ഈ പരീക്ഷണങ്ങളെല്ലാം ജമാഅത്ത് മുമ്പേയും വിജയത്തോടെ തരണം ചെയ്തു. ഇനിയും അല്ലാഹു അതിനെ തരണം ചെയ്യിക്കും. പക്ഷേ, നിങ്ങളോർത്തുകൊള്ളുക നിങ്ങളുടെ അടയാളംപോലും ഭൂമിയിൽ ഉണ്ടാവുകയില്ല. അതുകൊണ്ട് ബോധവന്മാരായിത്തീരുക. നാശവും വിപത്തും സ്വയം വിളിച്ചുവരുത്താതിരിക്കുക. അല്ലാഹു അവർക്കതിന് ബുദ്ധിയും വിവേകവും നല്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29.08.2008 at Baithul Futuh, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala